**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5753** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഇൻകൽ ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആഗോള നിക്ഷേപം ആകർഷിക്കാനായി പൊതു-സ്വകാര്യ ഉടമസ്ഥതയിൽ രൂപീകരിച്ച ഇൻകൽ ലിമിറ്റഡിൽ നിലവിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ഇൻകൽ ലിമിറ്റഡിൽ നിലവിൽ സാമ്പത്തിക പ്രതിസന്ധി ഇല്ല. |
| (ബി) | വിവിധ വകുപ്പുകളുടെ കീഴിലുള്ള നിർമ്മാണ പ്രവൃത്തികളിൽ നിന്ന് നിർവഹണ ഏജൻസിയായിരുന്ന ഇൻകൽ ലിമിറ്റഡിനെ ഒഴിവാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഏതെല്ലാം വകുപ്പുകളാണ് ഇൻകൽ ലിമിറ്റഡിനെ പരിഗണിക്കേണ്ടതില്ലായെന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഒഴിവാക്കിയിട്ടില്ല. നിലവിൽ ആരോഗ്യ വകുപ്പ്, ധനകാര്യ വകുപ്പ്, വിദ്യാഭ്യാസവകുപ്പ്, വിനോദസഞ്ചാര വകുപ്പ് എന്നീ വകുപ്പുകളിലെ പദ്ധതികളുടെ നിർമാണ ചുമതല ഇൻകെൽ നിർവഹിക്കുന്നുമുണ്ട്. |
| (സി) | സാമ്പത്തിക ഭദ്രതയില്ലെന്ന കാരണത്താൽ വിദ്യാഭ്യാസ വകുപ്പ്, ധനകാര്യ വകുപ്പ്, കിഫ്ബി തുടങ്ങിയവയുടെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇൻകൽ ലിമിറ്റഡിന് അപ്രഖ്യാപിത വിലക്കുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല. മാത്രവുമല്ല, വിദ്യാഭ്യാസവകുപ്പിന്റെ 39 സ്കൂളുകളുടെ നിർമ്മാണചുമതല ഇൻകെലിനാണ്. |
| (ഡി) | ഇൻകൽ ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായി ടെൻഡർ ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ ശേഷം റദ്ദാക്കിയിട്ടുണ്ടോ; നിലമ്പൂർ സബ് ട്രഷറി കെട്ടിട നിർമ്മാണപ്രവൃത്തി ഇൻകൽ ലിമിറ്റഡിൽ നിന്ന് ധനകാര്യ വകുപ്പ് തിരിച്ചെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | 36 ട്രഷറികളുടെ നവീകരണ പ്രവർത്തനങ്ങൾ ട്രഷറി ഡിപ്പാർട്ട്മെന്റ് ഇൻകെലിനെ ഏല്പിച്ചിട്ടുണ്ട്. ഇതിൽ 5 എണ്ണം പല കാരണങ്ങളാൽ DPR തയ്യാറാക്കേണ്ടി വന്നില്ല. 7 ട്രഷറികൾ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കൈമാറി. 18 ട്രഷറികളുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.6 ട്രഷറികളുടെ വർക്ക് ഇൻകെൽ ചെയ്യേണ്ടതില്ല എന്ന് 10.02.2021 ൽ ട്രഷറി ഡയറക്ടർ ഇൻകെലിനെ അറിയിച്ചിരുന്നു. ഇതിൽ നിലമ്പൂർ സബ് ട്രഷറി നിർമ്മാണവും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ